**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 977** **29-06-2026-ൽ മറുപടിയ്ക്ക്**

**കൊടുവള്ളി ജംഗ്ഷൻ വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ഫിറോസ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് - കൊല്ലഗൽ ദേശീയ പാതയിൽ കൊടുവള്ളി ടൗണിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിന് വിഭാവനം ചെയ്ത വൈഡനിംഗ് ആൻഡ് ഡെവലപ്മെന്റ് ഓഫ് കൊടുവള്ളി ജംഗ്ഷൻ എന്ന പദ്ധതിക്ക് കിഫ്ബി മുഖേന എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്;

**മറുപടി:** കൊടുവള്ളി സിറാജ് ഫ്ളൈഓവർ പദ്ധതി കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി 2016 ൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ഈ പദ്ധതിക്ക് 22.05.2018-ൽ കിഫ്ബി (KIIFB) 54.03 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഫ്ലൈഓവർ പദ്ധതിക്ക് പകരം, കൊടുവള്ളി എം.എൽ.എയുടെ അഭ്യർത്ഥനയുടെയും ഗതാഗത പഠനങ്ങളുടെയും അടിസ്ഥാനത്തിൽ, "വൈഡനിംഗ് ആന്റ് ഡെവലപ്പ്മെന്റ് ഓഫ് കൊടുവള്ളി ജംഗ്ഷൻ" (റോഡ് വീതികൂട്ടലും ജംഗ്ഷൻ വികസനവും) എന്ന പദ്ധതി നടപ്പാക്കാൻ കിഫ്ബി നിർദ്ദേശിച്ചിരുന്നു. പുതുക്കിയ ജംഗ്ഷൻ വികസന പദ്ധതിക്കായി നിലവിൽ ധനാനുമതി നൽകിയിട്ടില്ല.

**(ബി)** പ്രസ്തുത പ്രവൃത്തിക്കായി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ;

**മറുപടി:** പുതിയ ജംഗ്ഷൻ വികസന പദ്ധതിയുടെ ഡി.പി.ആർ (വിശദമായ പദ്ധതി റിപ്പോർട്ട്) ഇതുവരെ തയ്യാറാക്കിയിട്ടില്ല. നിലവിൽ സർവേയും പ്രാഥമിക രൂപരേഖയും പൂർത്തീകരിച്ചിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ പുരോഗമിച്ചുവരുന്നു.

**(സി)** ഈ പ്രവൃത്തിക്ക് മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ടേഷൻ ആൻഡ് ഹൈവേയ്സ് -ൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതുണ്ടോ; എങ്കിൽ അനുമതി ലഭിച്ചിട്ടുണ്ടോ;

**മറുപടി:** കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ (MoRTH) നിന്നുള്ള നിരാക്ഷേപപത്രം (NOC) ലഭ്യമാകേണ്ടതുണ്ട്. നിലവിൽ MoRTH-ൽ നിന്നുള്ള NOC ലഭിച്ചിട്ടില്ല.

**(ഡി)** ഈ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

**മറുപടി:** കൊടുവള്ളി സിറാജ് ഫ്ളൈഓവർ പദ്ധതി കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനായി 2016 ൽ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ഈ പദ്ധതിക്ക് 22.05.2018-ൽ കിഫ്ബി (KIIFB) 54.03 കോടി രൂപയുടെ ധനാനുമതി നൽകി. എന്നാൽ ഫ്ലൈഓവർ പദ്ധതിക്ക് പകരം, കൊടുവള്ളി എം.എൽ.എയുടെ അഭ്യർത്ഥനയുടെയും ഗതാഗത പഠനങ്ങളുടെയും

അടിസ്ഥാനത്തിൽ, "വൈഡനിംഗ് ആൻ്റ് ഡെവലപ്പ്മെൻ്റ് ഓഫ് കൊടുവള്ളി ജംഗ്ഷൻ" (റോഡ് വീതികൂട്ടലും ജംഗ്ഷൻ വികസനവും) എന്ന പദ്ധതി നടപ്പാക്കാൻ കിഫ്ബി നിർദ്ദേശിച്ചിരുന്നു. ഈ ഭാഗത്ത് ബൈപാസുകൾ നിർമ്മിക്കാൻ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയോഗിച്ചിട്ടുള്ളതിനാൽ പുതുക്കിയ ജംഗ്ഷൻ വികസനപദ്ധതിക്ക് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് നിരാക്ഷേപപത്രം (NOC) നൽകിയിട്ടില്ല.

പദ്ധതിക്ക് നിരാക്ഷേപപത്രം (NOC) നൽകേണ്ടതിന്റെ ആവശ്യകത കേന്ദ്രഉപരിതല ഗതാഗത വകുപ്പ് റീജിയണൽ ഓഫീസറുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**